# ആത്മ നിർഭർ ഭാരത്

## ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങളും ശേഷിയും വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

# കർഷകർക്ക് ഫാം-ഗേറ്റ് ഇൻഫ്രാസ്ട്രക്ചറുകൾക്കായി 1 ലക്ഷം കോടി കാർഷിക അടിസ്ഥാനസൗകര്യ നിധി

ഫാം ഗേറ്റുമായി ബന്ധപ്പെട്ട കോൾഡ് ചെയിൻ, വിളവെടുപ്പിനു ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അഭാവം വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

ദീർഘകാല കാർഷിക അടിസ്ഥാനസൗകര്യങ്ങളിലെ നിക്ഷേപം പലപ്പോഴും അപര്യാപ്തമായതിനാൽ ഹ്രസ്വകാല വിള വായ്പകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

ഫാം-ഗേറ്റ്, അഗ്രഗേഷൻ പോയിന്റുകളിൽ കാർഷിക അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് 1,00,000 കോടി രൂപ ധനസഹായം

ഫാം-ഗേറ്റ്, അഗ്രഗേഷൻ പോയിന്റ്, താങ്ങാവുന്നതും സാമ്പത്തിക നേട്ടമുള്ളതുമായ വിളവെടുപ്പ് സൗകര്യം എന്നിവയ്ക്ക് ഊന്നൽ

ഇതിനായുള്ള തുക ഉടൻ.

## സൂക്ഷ്മ ഭക്ഷ്യ സംരംഭങ്ങളെ(എംഎഫ്ഇ) നിയമവിധേയമാക്കുന്നതിന് 10,000 കോടി രൂപയുടെ പദ്ധതി

'വോക്കൽ ഫോർ ലോക്കൽ വിത്ത് ഗ്ലോബൽ ഔട്ട്റീച്ച് ' എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിനെ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു

അസംഘടിത എംഎഫ്ഇ യൂണിറ്റുകൾക്ക് എഫ്എസ്എസ്എഐ ഭക്ഷ്യ നിലവാരവും, ബ്രാൻഡും, വിപണനവും ലഭിക്കുന്നതിന് സാങ്കേതികമായി അവ ഉയർത്തേണ്ടതുണ്ട്.

2 ലക്ഷം സൂക്ഷ്മ ഭക്ഷ്യ സംരംഭങ്ങൾക്ക് ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ പദ്ധതി ആരംഭിക്കും

നിലവിലുള്ള സൂക്ഷ്മ ഭക്ഷ്യ സംരംഭകർ, കാർഷിക ഉത്പാദന സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയെ പിന്തുണയ്ക്കും

യുപിയിൽ മാമ്പഴം, ജമ്മു കശ്മീരിൽ കുങ്കുമം, വടക്ക് കിഴക്കൻ മേഖലയിൽ മുള, ആന്ധ്രാ പ്രദേശിൽ മുളക്, തമിഴ്നാട്ടിൽ കപ്പ എന്നിങ്ങനെ ക്ലസ്റ്റർ അധിഷ്ഠിത സമീപനം സ്വീകരിക്കും

മെച്ചപ്പെട്ട ആരോഗ്യ, സുരക്ഷാ നിലവാരം, ചില്ലറ വിപണിയുമായി സംയോജനം, മെച്ചപ്പെട്ട വരുമാനം എന്നിവ ലക്ഷ്യം.

മെച്ചപ്പെട്ട ആരോഗ്യ അവബോധത്തിന്റെ വെളിച്ചത്തിൽ ഇനിയും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത കയറ്റുമതി വിപണികളിലേക്ക് കടന്നു ചെല്ലാനും സാധിക്കും.

## പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (പിഎംഎംഎസ്‌വൈ) പ്രകാരം മത്സ്യത്തൊഴിലാളികള്‍ക്ക് 20,000 കോടി രൂപ

മത്സ്യമേഖലയുടെ സമ്പൂര്‍ണ വികസനത്തിനായി പിഎംഎംഎസ് വൈ പദ്ധതി

മത്സ്യകൃഷി സംബന്ധിച്ച പ്രവര്‍ത്തനങ്ങള്‍ക്കായി 11,000 കോടി രൂപ

ഹാര്‍ബര്‍, കോള്‍ഡ് ചെയിന്‍, കമ്പോളങ്ങള്‍ തുടങ്ങിയവയുടെ അടിസ്ഥാനസൗകര്യവികസനത്തിനായി 9000 കോടി രൂപ

അഞ്ചുവര്‍ഷത്തില്‍ 70 ലക്ഷം ടണ്ണിന്റെ അധിക മത്സ്യോല്‍പ്പാദനത്തിലേയ്ക്കു നയിക്കും.

55 ലക്ഷത്തിലേറെപ്പേര്‍ക്കു തൊഴില്‍, കയറ്റുമതി ഇരട്ടിച്ച് 1,00,000 കോടിയിലെത്തും

ദ്വീപുകള്‍, ഹിമാലയന്‍ സംസ്ഥാനങ്ങള്‍, വടക്കുകിഴക്കന്‍ മേഖല എന്നിവയ്ക്കു ശ്രദ്ധനല്‍കും.

**ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതി**

കുളമ്പ് രോഗവും ബ്രൂസെല്ലോസിസും തടയുന്നതിന് 13,343 കോടി രൂപ ചെലവിൽ ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചു

കുളമ്പ് രോഗത്തിനും ബ്രൂസെല്ലോസിസിനും എതിരെ കന്നുകാലി, എരുമ, ചെമ്മരിയാട്, ആട്, പന്നി എന്നിവയക്ക്(53 കോടി മൃഗങ്ങൾ) 100 ശതമാനം കുത്തിവയ്പ്പ് പദ്ധതി ഉറപ്പാക്കുന്നു

നാളിതു വരെ 1.5 കോടി പശുക്കളെയും എരുമകളെയും ടാഗ് ചെയ്യുകയും കുത്തിവയ്പ്പെടുക്കുകയും ചെയ്തു

**മൃഗസംരക്ഷണ മേഖലയിൽ അടിസ്ഥാനസൗകര്യ വികസനനിധി – 15,000 കോടി രൂപ**

പാലുൽപ്പാദനത്തിൽ സ്വകാര്യമേഖലയ്ക്ക് വലിയ സാധ്യതകൾ

ഡയറി മേഖല, കാലിത്തീറ്റ മുതലായ വിഭാഗങ്ങളിൽ ലക്ഷ്യമിടുന്നത് സ്വകാര്യ നിക്ഷേപം.

ക്ഷീരമേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 15,000 കോടി രൂപ സജ്ജമാക്കും

**ഔഷധ സസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്
4000 കോടി രൂപ**

ദേശീയ ഔഷധ സസ്യ ബോർഡ് 2.25 ലക്ഷം ഹെക്ടറിൽ പച്ചമരുന്ന് കൃഷിക്ക് സഹായം നൽകി

അടുത്ത രണ്ട് വർഷം കൊണ്ട് 10 ലക്ഷം ഹെക്ടറിൽ ഔഷധ സസ്യ കൃഷി ആരംഭിക്കും.ഇതിനായി 4000 കോടി രൂപ നൽകും.

കർഷകർക്ക് 5000 കോടി രൂപയുടെ വരുമാനം ഇത് വഴിയുണ്ടാകും.

ഔഷധ സസ്യങ്ങൾക്കായി പ്രാദേശിക ചന്തകളുടെ ശൃംഖല

ദേശീയ ഔഷധ സസ്യ ബോർഡ് ഗംഗയുടെ തീരങ്ങളിലൂടെ 800 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യ ഇടനാഴി വികസിപ്പിക്കും

## തേനീച്ച വളർത്തൽ – 500 കോടി രൂപ

പരാഗണത്തിലൂടെ വിളകളുടെ വിളവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നു

തേനും മെഴുക് പോലുള്ള മറ്റ് ഉൽപ്പന്നങ്ങളും നൽകുന്നു

സർക്കാർ നടപ്പാക്കുന്നത് താഴെപ്പറയുന്ന പദ്ധതികൾ:

സംയോജിത തേനീച്ചവളർത്തൽ വികസന കേന്ദ്രങ്ങൾ, ശേഖരണം, വിപണനം, സംഭരണ കേന്ദ്രങ്ങൾ, വിളവെടുപ്പിനു ശേഷം മൂല്യവർദ്ധന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം

മാനദണ്ഡങ്ങൾ നടപ്പിലാക്കുകയും കണ്ടെത്തൽ സംവിധാനം വികസിപ്പിക്കുകയും ചെയ്യൽ

ഗുണനിലവാരമുള്ള ന്യൂക്ലിയസ് സ്റ്റോക്കും തേനീച്ച ബ്രീഡറുകളും സൃഷ്ടിക്കൽ

ഈ പദ്ധതികൾ തേനീച്ച കർഷകരായ രണ്ടുലക്ഷം പേർക്കു വരുമാനം വർധിപ്പിക്കാനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള തേൻ ലഭ്യമാക്കാനും കാരണമാകും

**ടോപ്പിൽ നിന്ന് ടോട്ടലിലേക്ക്- 500 കോടി രൂപ**

തക്കാളി, സവാള, ഉരുളക്കിഴങ്ങ്(ടോപ്) എന്നിവയിൽ നിന്ന് ഓപ്പറേഷൻ ഗ്രീൻസ് എല്ലാ പഴങ്ങളിലേക്കും പച്ചക്കറികളിലേക്കും(ടോട്ടൽ) വ്യാപിപ്പിക്കും

അധികമുള്ള വിപണികളിൽ നിന്ന് ദൗർലഭ്യമുള്ള വിപണികളിലേക്കുള്ള ഗതാഗതത്തിന് 50 ശതമാനം സബ്സിഡി

ശീതികരണി ഉൾപ്പെടെയുള്ള സംഭരണത്തിന് 50 ശതമാനം സബ്സിഡി

ആദ്യ ആറു മാസങ്ങളിൽ പരീക്ഷണാർത്ഥം നടപ്പാക്കിയ ശേഷം എല്ലായിടത്തേക്കും വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യും

കർഷകർക്ക് കൂടുതൽ വില ലഭിക്കാനും വിളകൾ പാഴായി പോകുന്നത് കുറയ്ക്കാനും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ ലഭ്യമാകുന്നതിനും സഹായിക്കും

വിതരണ ശൃംഖലയിലുണ്ടായ തടസ്സം മൂലം കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിപണിയിൽ വിൽക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു

ദുരിത സമയത്തെ വിൽപനയും എളുപ്പം കേടായി പോകുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും വില ഇടിയുന്നതും നിയന്ത്രിക്കാൻ കഴിയണം.

# ഭരണപരമായ

# പരിഷ്ക്കാരങ്ങൾ

**1955 ലെ അവശ്യവസ്തു നിയമം ഭേദഗതി ചെയ്ത് കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാൻ സഹായിക്കും**

നിക്ഷേപം ആകർഷിച്ച് കാർഷിക മേഖലയെ മത്സരാധിഷ്ഠിതമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കേണ്ടതുണ്ട്.

ധാന്യങ്ങൾ, ഭക്ഷ്യ എണ്ണകൾ, എണ്ണക്കുരുക്കൾ, പയർവർഗ്ഗങ്ങൾ, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയുൾപ്പെടെയുള്ള കാർഷിക ഭക്ഷ്യവസ്തുക്കളുടെ നിയന്ത്രണങ്ങൾ ഒഴിവാക്കണം.

ദേശീയ ദുരന്തങ്ങൾ, വിലക്കയറ്റം, ക്ഷാമം തുടങ്ങിയ അസാധാരണമായ സാഹചര്യങ്ങളിൽ സ്റ്റോക്കിന് പരിധി ഏർപ്പെടുത്തും.

അവശ്യ വസ്തു നിയമത്തിൽ സർക്കാർ ഭേദഗതി വരുത്തും

**കാർഷിക വിപണി പരിഷ്ക്കാരങ്ങൾ വഴി കർഷകർക്ക് വിപണി തിരഞ്ഞെടുക്കാൻ അവസരം**

കാർഷികോത്പന്ന വിപണന സമിതികളിലെ ലൈസൻസികൾക്ക് മാത്രമാണ് കർഷകർക്ക് നിലവിൽ തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാൻ സാധിക്കുക.

അത്തരം നിയന്ത്രണങ്ങൾ വ്യാവസായിക ഉത്പന്നങ്ങൾക്ക് ഇല്ല

കാർഷികോത്പന്നങ്ങളുടെ സുഗമമായ ഒഴുക്കിന് ഇത് വിഘാതം സൃഷ്ടിക്കുകയും വിപണികളെയും വിതരണ ശൃംഖലയെയും വിഭജിക്കുകയും ചെയ്യുന്നു

കർഷകർക്ക് കുറഞ്ഞ വില ലഭിക്കാൻ കാരണമാകുന്നു

ആകർഷകമായ വിലയ്ക്ക്  തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന്  കർഷകർക്ക് വിപണി തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകുന്നതിനായി കേന്ദ്ര നിയമം കൊണ്ടു വരും.

തടസ്സങ്ങളില്ലാത്ത അന്തർ സംസ്ഥാന വ്യാപാരം ഇത് സാധ്യമാക്കും. കാർഷികോത്പന്നങ്ങൾ ഇ-വ്യാപാരം നടത്താനുള്ള സംവിധാനത്തിനും ഇത് വഴി  തെളിക്കും.

***

## കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയും ഗുണനിലവാരവും ഉറപ്പാക്കും

നിലവിൽ വിതയ്ക്കുന്ന സമയത്ത് വിളകളുടെ വില നിർണയിക്കുന്നതിന് കർഷകർക്ക് പ്രത്യേക സംവിധാനം ഇല്ല.

കാർഷികമേഖലയിലെ വിവരങ്ങൾ നൽകൽ, സ്വകാര്യമേഖലയിലെ നിക്ഷേപം തുടങ്ങിയവയ്ക്കു തടസം നേരിട്ടിട്ടുണ്ട്.

ഉൽപ്പാദകർ, സംഭരിക്കുന്നവർ, ചില്ലറ വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങിയവരുമായി ന്യായമായും സുതാര്യമായും ഇടപെടുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിന് സുഗമമായ നിയമ ചട്ടക്കൂട്.

കൃഷിക്കാർക്കുള്ള നഷ്ടങ്ങൾ ലഘൂകരിക്കൽ, വരുമാനം ഉറപ്പാക്കൽ, ഗുണനിലവാര മാനദണ്ഡം തയ്യാറാക്കൽ എന്നിവ ചട്ടക്കൂടിന്റെ അവിഭാജ്യ ഘടകമാണ്.